# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1318

03.12.15 ൽ - മറുപടിക്ക്

## പുതിയ റേഷൻകാർഡുകളുടെ വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പുതിയ റേഷൻകാർഡുകൾ എന്ന് മുതൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ; | (എ) | പുതിയ കാർഡുകൾ 31.03.2016-ന് അകം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഉപയോഗിച്ചുകൊണ്ടിരിക്കുന്ന റേഷൻകാർഡിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്നും പ്രസ്തുത കാർഡുകളുടെ കാലാവധി എത്ര സമയം വരെയാണ് നീട്ടി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | പുതിയ കാർഡ് നിലവിൽ വരുന്നത് വരെ പഴയ കാർഡ് ഉപയോഗിക്കാവുന്നതാണ്. എല്ലാ ആനുകൂല്യങ്ങളും ഇപ്പോൾ ഉപയോഗിക്കുന്ന കാർഡ് വഴി ഗുണഭോക്താക്കൾക്ക് ലഭിക്കും. |
| (സി) | ഏതൊക്കെ ഏജൻസികളെയാണ് കാർഡ് പുതുക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (സി) | സർക്കാർ ഏജൻസിയായ സി-ഡിറ്റ് ആണ് റേഷൻകാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ. ഡാറ്റാ എൻട്രിക്കായി സർക്കാർ ഏജൻസികളായ സി-ഡിറ്റ്, അക്ഷയ, കുടുംബശ്രീ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ഡി) | റേഷൻകാർഡ് പുതുക്കലിൽ തെറ്റുകൾ ആവർത്തിച്ചതിനാൽ പുതിയ ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ? | (ഡി) | ഇല്ല. |

Theleyor

സെക്ഷൻ ഓഫീസർ